(സി) 2013-14 സാമ്പത്തിക വർഷം 12,12,752 രൂപയുടെ സ്പോർട്സ് കിറ്റ് തിരുവനന്തപുരം ജില്ലയിലെ ജി.വി.രാജ സ്പോർട്സ് സ്കൂളിന് വാങ്ങി നൽകിയിരുന്നു. സ്പോർട്സ് കിറ്റ് പദ്ധതി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന യൂത്ത് ക്ലബ്ബുകളിൽനിന്നും സ്കൂളുകളിൽനിന്നും പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിക്കുകയുണ്ടായി. ലഭിച്ച അപേക്ഷകൾ അതാത് ജില്ലാ ഓഫീസർമാർ പരിശോധിച്ച് യോഗ്യമായത് തെരഞ്ഞെടുത്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ സംസ്ഥാന ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു. കായിക ഉപകരണങ്ങളുടെ വിതരണത്തിന് ഇ-ടെണ്ടർ മുഖേന മത്സര അടിസ്ഥാനത്തിൽ കമ്പനികളിൽനിന്നും ടെണ്ടറുകൾ ക്ഷണിക്കുകയുണ്ടായി. ടെണ്ടറുകളോടൊപ്പം വിവിധ കമ്പനികൾ സമർപ്പിച്ച കായികോപകരണങ്ങളുടെ സാമ്പിളുകൾ കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ടെക്നിക്കൽ ഓഫീസർ, കോച്ചുകൾ (ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ) എന്നിവരടങ്ങിയ ടെക്നിക്കൽ കമ്മിറ്റി വിദഗ്ധമായി പരിശോധിക്കുകയും ഗുണയോഗ്യമായവ തെരഞ്ഞെടുക്കുകയും ആയത് കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ ചെയർമാനും, കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറി, ബോർഡിന്റെ എക്സ്പെർട്ട് മെമ്പർ, മെമ്പർ സെക്രട്ടറി എന്നിവർ അംഗങ്ങളുമായ പർച്ചേയ്സ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഗുണയോഗ്യമായ കായികോപകരണങ്ങൾ സമർപ്പിച്ച കമ്പനികൾക്ക് സപ്ലൈ ഓർഡർ നൽകുകയും എല്ലാ ജില്ലാ യുവജനകേന്ദ്രങ്ങളിലും പ്രസ്തുത കമ്പനികൾ കായികോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. YEAR-2015-ന്റെ ഭാഗമായി നടക്കുന്ന സംസ്ഥാനതല കായികോപകരണങ്ങളുടെ വിതരണ ഉദ്ഘാടനത്തിന് ശേഷം മറ്റ് എല്ലാ ജില്ലകളിലും ജില്ലാതലത്തിൽ സ്പോർട്സ് കിറ്റ് വിതരണം നടത്തുന്നതാണ്.

കറ്റകൃത്യങ്ങൾ തടയാൻ ബോധവത്കരണ പരിപാടികൾ

260(2467) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി-യുവജന വിഭാഗങ്ങളിൽ വളർന്നു വരുന്ന കറ്റകൃത്യങ്ങൾ തടയുവാൻ യുവജനക്ഷേമ വകുപ്പുവഴി ബോധവല്ലരണ പരിപാടികൾ സംഘടിപ്പിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകൾ കേന്ദ്രീകരിച്ച് യുവജന കലാ സമിതികളും ജാഗ്രതാ സമിതികളും രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) യുവജനകമ്മീഷൻ 2014-15 മുതൽ മദ്യം മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരേയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടത്തി വരുന്നുണ്ട്.

(ബി) ഗ്രാമപഞ്ചായത്ത് വാർഡുകൾ കേന്ദ്രീകരിച്ച് യുവജന കലാ സമിതികളും ജാഗ്രതാ സമിതികളും രൂപീകരിക്കുന്ന കാര്യം തൽക്കാലം കമ്മീഷന്റെ പരിഗണനയിൽ ഇല്ല.

മൃഗശാലകളുടെ മിനിയേച്ചറുകളും മ്യൂസിയങ്ങളും

261(2468) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് ജീവികളുടെ ആവാസ വ്യവസ്ഥകളും ജീവിത രീതികളും പരിചയപ്പെടുന്നതിന് മൃഗശാലകളുടെ മിനിയേച്ചറുകളും മ്യൂസിയങ്ങളും ജില്ലാ അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് നടപടിയെടുക്കുമോ ;

(ബി) സ്കൂളുകളിൽ ഇത്തരം മിനിയേച്ചർ മ്യൂസിയങ്ങൾ ഉണ്ടാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കുമോ?

ഉത്തരം

(എ&ബി) ഇത്തരത്തിലൊരു നിർദ്ദേശം പരിഗണനയിലില്ല.

(നക്ഷത്രചിഹ്നമിടാത്ത 2371, 2419, 2426, 2443, 2455, 2463 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly